# വ്യവസായ വാണിജ്യ നയം 2011

## (കരട്)

# വ്യവസായ വാണിജ്യ നയം 2011 (കരട്)

**ആമുഖം**

സാമ്പത്തിക സാമൂഹിക ശാസ്ത്രജ്ഞന്മാർക്ക് കേരളം എപ്പോഴും അവരുടെ കണക്കുകൂട്ടലുകൾക്കപ്പുറമായിരുന്നു. 1960 - 70 കളിൽ സാമ്പത്തിക രംഗം നിശ്ചലാവസ്ഥയിൽ നിന്നും 90 കളിലെ മന്ദഗതിയിലുള്ള വികസനത്തിലേക്ക് കടന്നപ്പോൾ കേരളം ഇന്ത്യയുടെ സാമൂഹിക വികസന സൂചികകളിൽ മുൻപന്തിയിലായിരുന്നു. ഉദാരവൽക്കരണത്തിന് ശേഷമുള്ള കാലഘട്ടത്തിൽ ദ്വിതീയ - തൃതീയ മേഖലകളായ ഐ.ടി, ടൂറിസം, വിനോദം, ഇന്റർനെറ്റ്, മൊബൈൽ സേവനങ്ങൾ, വ്യോമയാനം, ബാങ്കിങ്, ഇൻഷുറൻസ്, എന്നിവിടങ്ങളിൽ അത്ഭുതാവഹമായ വളർച്ചയാണ് കാണപ്പെട്ടതെങ്കിലും, ഈ വളർച്ചയ്ക്ക് സാമൂഹിക വികസന സൂചകങ്ങളുമായി യാതൊരു പൊരുത്തവുമില്ലായിരുന്നു.

പടിഞ്ഞാറ് അറബിക്കടലും കിഴക്ക് പശ്ചിമഘട്ടവുമായി വ്യാപിച്ചു കിടക്കുന്ന കേരളത്തിന് താഴെപ്പറയുന്ന സവിശേഷതകളുണ്ട്.

- ഇന്ത്യയിലെ ഏറ്റവും ഉയർന്ന സാക്ഷരതാ നിരക്ക്
- ഉയർന്ന സാങ്കേതിക ജ്ഞാനമുള്ളതും, ചിലവുകുറഞ്ഞതുമായ മനുഷ്യ വിഭവ ശേഷി
- പാശ്ചാത്യ രാജ്യവുമായി കിടനിൽക്കുന്ന മാനവ വികസനം
- ഇന്ത്യയിലെ മികച്ച ജീവിത നിലവാര സൂചിക
- ഫലപ്രദമായ പൊതുജന ഗതാഗത സൗകര്യം
- വിവരസാങ്കേതികവിദ്യ സാമ്പത്തിക അഭിവൃദ്ധിയിൽ പ്രധാന പങ്കു വഹിക്കുന്നു.
- ഇന്ത്യയിലെ മെച്ചപ്പെട്ട പൊതുജനാരോഗ്യ - സംരക്ഷണ സംവിധാനം
- സർക്കാരിന്റെയും സ്വകാര്യ പങ്കാളികളുടെയും പിന്തുണയോടെ മുൻനിര വ്യവസായമായി മാറിയ ടൂറിസം മേഖല

ഉയർന്ന സാമ്പത്തിക വളർച്ചാനിരക്ക് കൈവരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി മാത്രമല്ല, മറിച്ച് സാമൂഹിക ക്ഷേമം ഉറപ്പുവരുത്തുന്നതിനും സാധാരണക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട ക്ഷേമം നല്കുന്നതിനും കൂടിയാണ്.

ഉയർന്ന സാമ്പത്തിക വളർച്ച നേടുന്നതിനായി അടിസ്ഥാന സൗകര്യവികസനം, സാങ്കേതിക ജ്ഞാനവുമുള്ള മാനുഷിക വിഭവശേഷി, സാങ്കേതിക ഉന്നമനം എന്നിവ ആർജ്ജിക്കുന്നതിനായി നിക്ഷേപങ്ങൾ കണ്ടെത്തേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സന്തുലിതവും കാര്യക്ഷമവുമായ വ്യാവസായിക വികസനത്തിൽ സൂക്ഷമ ചെറുകിട സംരംഭങ്ങൾക്ക് നിർണ്ണായക പങ്കാണുള്ളത്. ലഭ്യമായ വിഭവങ്ങളുടെ ഉപഭോഗത്തിലൂടെ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും മൂല്യം വർദ്ധിപ്പിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇവയ്ക്ക് സാധിക്കും.

വ്യത്യസ്ത മേഖലകളിൽ ആഭ്യന്തര - വിദേശ നിക്ഷേപകരെ ആകർഷിച്ച് സാമ്പത്തിക വളർച്ചയും, പുരോഗതിയും തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയിലൂടെ സുസ്ഥിര വികസനം നേടുന്നതിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്.

ആളോഹരി വരുമാനത്തിൽ രാജ്യത്ത് ഏഴാം സ്ഥാനത്തുള്ള കേരളത്തെ ആദ്യത്തെ മികച്ച മൂന്നു സംസ്ഥാനങ്ങളിലൊന്നാക്കിത്തീർക്കുകയാണ് ഈ നയം ലക്ഷ്യം വയ്ക്കുന്നത്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ദാരിദ്ര്യം വളരെ കുറവാണ്. ഇതിനു നാം നന്ദി പറയേണ്ടത് വിദേശ ഇന്ത്യാക്കാരുടെ നിക്ഷേപത്തോടാണ്. സംസ്ഥാന വ്യാപാര വ്യവസായ സേവന മേഖലകളുടെ ആവശ്യകത സൃഷ്ടിക്കാൻ ഇത് സഹായിക്കുന്നു. എന്നാൽ,

അടുത്ത കാലത്തായി പശ്ചിമേഷ്യൻ രാജ്യങ്ങളിലും ഉത്തരാഫ്രിക്കയിലും ആഭ്യന്തര തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത വർദ്ധിപ്പിച്ചതിനാൽ കേരളത്തിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികൾക്ക് വരുംഭാവിയിൽ ദൂരവ്യാപക പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരും. അതിനാൽ സാമ്പത്തിക വളർച്ചയും വികസനവും ഊന്നൽ നൽകുന്ന തരത്തിലുള്ള അനുയോജ്യമായ നയം രൂപീകരിച്ച് സംസ്ഥാനത്തിന്റെ ആഭ്യന്തര വളർച്ചയും വികസനവും വർദ്ധിപ്പിച്ച് അനുയോജ്യമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുകയാണ് പ്രതിവിധി.

കേരളത്തെ തൊഴിൽ ചെയ്ത് വേതനം കൈപ്പറ്റുന്നവരുടെ സമൂഹം എന്ന സ്ഥിതിയിൽ നിന്നും സംരംഭക സമൂഹമായി മാറ്റുകയാണ് വ്യവസായ വാണിജ്യ നയം 2011 ഊന്നൽ നൽകുന്നത്.

## കാഴ്ചപ്പാട്

എല്ലാ മേഖലകളിലും ആഗോളനിലവാരം കൈവരിക്കുന്നതിനായി സുസ്ഥിരവും വേഗത്തിലുള്ളതും നിലനിൽക്കുന്നതുമായ സാമ്പത്തിക വളർച്ചയിലൂടെ കേരളത്തെ ആകർഷകമായ സംരംഭക സമൂഹമാക്കി മാറ്റും.

## ലക്ഷ്യങ്ങൾ

ഉയർന്ന തോതിലുള്ള വിദേശ ഇന്ത്യാക്കാരുടെ നിക്ഷേപവും സാങ്കേതിക നൈപുണ്യമുള്ള മാനുഷിക വിഭവശേഷിയും കേരള സമ്പദ് വ്യവസ്ഥയെ ഒരു സേവന സമ്പദ് വ്യവസ്ഥയാക്കി പരിവർത്തനം ചെയ്യുന്നു. എല്ലാ മേഖലയിലും വിദേശീയവും സ്വദേശീയവുമായ നിക്ഷേപ പ്രോത്സാഹനവും മാനവവിഭവശേഷി വികസനവും വഴി കൂടുതൽ സ്ഥാപനങ്ങൾ വികസിപ്പിച്ച് തൊഴിൽ ഉൽപാദനവും കയറ്റുമതിയും അതിലൂടെ സംസ്ഥാനത്ത് മുഴുവൻ സാമ്പത്തിക ഉന്നമനം ഉണ്ടാക്കുകയാണ് പ്രധാന ലക്ഷ്യം.

- പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കേരളത്തെ മികച്ച വ്യവസായിക നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക.

- കൃഷി സംസ്ക്കരണം, സേവനം, വാണിജ്യം കാലിക പ്രാധാന്യമുള്ള മേഖലകൾ മുതലായവയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിച്ച് കേരളത്തെ ഒരു സംരംഭകസംസ്ഥാനമാക്കി മാറ്റുക.

- തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ശരിയായ ഉപഭോഗത്തിനുമായി ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ ചെറു സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.

- തൊഴിലാളികളിൽ നിന്ന് സംരംഭകരിലേക്കുള്ള മാറ്റം ലക്ഷ്യമിടുന്ന നയരൂപീകരണം.

- പ്രാദേശീക വിഭവങ്ങളിലൂടെ മൂല്യ വർധനത്തിനായി സൗഹൃദന്താരീക്ഷം സൃഷ്ടിക്കുക.

- ആഭ്യന്തര - വിദേശ നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിൽ കേരളത്തെ നിക്ഷേപ കേന്ദ്രമാക്കി മാറ്റാൻ മത്സരബുദ്ധിയോടെ പ്രവർത്തിക്കുക. ബയോടെക്നോളജി, നാനോടെക്നോളജി തുടങ്ങി വളർച്ച നേടികൊണ്ടിരിക്കുന്ന മേഖലകളിൽ സംസ്ഥാനത്തിനകത്തുതന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

- പൊതു - സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വ്യവസായ അടിസ്ഥാന സൗകര്യ വികസനം.

- സംസ്ഥാനത്തിൽ വ്യവസായ ക്ലസ്റ്ററുകൾ ത്വരിതപ്പെടുത്തുക.

- പൂർണമായും ഭാഗികമായും തൊഴിൽ പ്രാവീണ്യം നേടിയവർക്ക് സംസ്ഥാനത്തിനകത്തുതന്നെ വ്യാവസായിക സേവന മേഖലകളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

- പൊതുമേഖല സ്ഥാപനങ്ങളിൽ ആഗോളതലത്തിൽ അംഗീകൃത നിലവാരമുള്ള സാങ്കേതിക വിദ്യയും ഗുണമേന്മയും ഭരണസമിതിയും ആവിഷ്കരിക്കുക.

- സംരംഭക വികസനത്തിന് പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.

<u>തന്ത്രങ്ങൾ</u>

- സംരംഭകത്വത്തിന്റെ പ്രധാനവശങ്ങളെപ്പറ്റി വിവിധ മാധ്യമങ്ങളിലൂടെ വൻതോതിൽ പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിക്കുക.

- വ്യത്യസ്തങ്ങളായ വ്യവസായ മേഖലകളിൽ സംരഭക പ്രോത്സാഹന സംവിധാനമുള്ള വ്യവസായ പാർക്കുകൾ നിർമിച്ച് സമൂഹത്തിന്റെ സർവോന്മുഖമായ വികസനം ഉറപ്പുവരുത്തുക.

- എൻ.ആർ.ഐ/ എൻ.ആർ.കെ. തുടങ്ങിയ തദ്ദേശ / വിദേശ നിക്ഷേപകരുടെ പങ്കാളിത്തത്തോടെ വ്യവസായങ്ങൾക്കാവശ്യമായ ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന ഏജൻസികളുടെ സഹായത്തോടെ സ്വകാര്യ - പൊതു മേഖലാ പങ്കാളിത്തത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുക.

- വിപണി ആവശ്യങ്ങളെ അടിസ്ഥാനമാക്കി വിദഗ്ദ്ധ പരിശീലനം, സംരംഭകത്വവികസന പരിപാടി എന്നിവ മിഷൻ രീതിയിൽ നടപ്പിലാക്കുക.

- സേവന വാണിജ്യ രംഗങ്ങൾ നയിക്കുന്ന തരത്തിലുള്ള വികസനനയം കേരളത്തിന്റെ സാമ്പത്തിക രംഗത്ത് നടപ്പിലാക്കുക.

- ഭാരതസർക്കാരിന്റെ സഹായത്തോടുകൂടി വ്യവസായ ക്ലസ്റ്റർ വികസന പദ്ധതിപ്രകാരം പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

- വ്യവസായ വികസന മേഖലകളിൽ ഇപ്പോഴുള്ള അടിസ്ഥാന സൗകര്യങ്ങൾ ആഗോളനിലവാരത്തിലേക്ക് ഉയർത്തുക.

- വൈദഗ്ദ്ധ്യ വികസനം സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ എന്നിവയിലൂടെ പരമ്പരാഗതമേഖലയിൽ ഉത്പാദനം അഭിവൃദ്ധപ്പെടുത്തുക.

- പുത്തൻ സാങ്കേതിക വിദ്യ, നൂതന വിപണന രീതികൾ, ഗുണനിലവാര നിർവഹണ രീതികൾ എന്നിവയിലൂടെ ഖാദി / കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലയിൽ നിലവിലുള്ള യൂണിറ്റുകളെ പുനരുദ്ധരിക്കുക.

- ഉത്പന്നങ്ങൾ ലോകത്തെമ്പാടും എത്തിക്കത്തക്കവിധത്തിൽ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് വിപണന പിന്തുണ നൽകുക.

- കേന്ദ്ര ഏജൻസികളുടെ സഹായത്തോടുകൂടി നൂതനസാങ്കേതിക വിദ്യയിലൂടെ ധാതുക്കളുടെ ഖനനവും മൂല്യവർദ്ധനവും സാധ്യമാക്കുക.

- സാങ്കേതികവിദ്യ വികസനത്തിനും നിർവഹണത്തിനുമായി വ്യാവസായികസ്ഥാപനങ്ങളും ഗവേഷണസ്ഥാപനങ്ങളും ചേർന്നുള്ള ഒരു പുതിയ സംവിധാനം നടപ്പിൽ വരുത്തുക.

- പുതിയ സംരംഭങ്ങൾക്ക് അതിവേഗത്തിൽ അംഗീകാരവും അനുവാദവും ലഭിക്കുന്നതിനായി കാര്യക്ഷമമായ ഒരു ഏകജാലകസംവിധാനം നടപ്പിലാക്കുക.

## 1. വൻകിട വ്യവസായങ്ങൾ

വൈദ്യുതി, ഗതാഗത സംവിധാനങ്ങൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, അപൂർവങ്ങളായ ധാതുക്കൾ എന്നിങ്ങനെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതിനാൽ സംസ്ഥാനത്ത് വൻകിട വ്യവസായങ്ങൾക്ക് വൻ സാധ്യതകളാണുള്ളത്. എന്നാൽ ഭൂമിയുടെ ലഭ്യതക്കുറവ്, ഉയർന്ന വില എന്നിവയാണ് സംസ്ഥാനത്ത് വൻവ്യവസായ സംരംഭങ്ങൾ എത്തുന്നതിനുള്ള പ്രധാന തടസ്സങ്ങൾ.

പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാത്തതും പരിസ്ഥിതി സൗഹൃദകരവും, കേരളത്തിലെ ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് തൊഴിലാളികൾക്ക് സേവന, വേതന വ്യവസ്ഥകൾ നൽകുന്നവ്യവസായങ്ങൾ സംസ്ഥാന സർക്കാർ പ്രോത്സാഹിപ്പിക്കും.

- സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിലൂടെയും മറ്റ് സർക്കാർ ഏജൻസികളിലൂടെയും സംസ്ഥാന സർക്കാർ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തും.
- മലിനീകരണം ഉണ്ടാക്കുന്ന വ്യവസായശാലകളെ പട്ടണാതിർത്തി / മുൻസിപാലിറ്റി / നഗര പ്രദേശങ്ങളിൽ നിന്നും, ദേശീയ തലസ്ഥാന മാതൃകയിൽ, മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾക്ക് പ്രോത്സാഹനം നൽകും.

## 2. സൂക്ഷ്മ - ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ

നമ്മുടെ സാമ്പത്തിക വളർച്ചയിലും പുരോഗതിയിലും സൂക്ഷ്മ - ചെറുകിട ഇടത്തരം വ്യവസായ മേഖല നൽകിയ സംഭാവനയും അവരുടെ പ്രാധാന്യവും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. വ്യാവസായികസംരംഭക, തൊഴിൽ ഉൽപ്പാദന മേഖലയിലും പുത്തൻ കണ്ടുപിടുത്തങ്ങളിലും നമ്മുടെ സാമ്പത്തിക മേഖലയിലെ ആരോഗ്യകരമായ മത്സരങ്ങളിലും സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ഒരു വലിയ പങ്കാണുള്ളത്. ഗുണനിലവാരമുള്ള ഉൽപ്പാദകന സാങ്കേതിക വിദ്യയിലൂടെയും ഉത്പന്നങ്ങളിലൂടെയും കയറ്റുമതി വർധിപ്പിക്കുന്നതിലൂടെ സംസ്ഥാന സമ്പദ്ഘടനയെ നയിക്കുവാൻ ഇവയ്ക്ക് കഴിയും.

നല്ല റോഡുകൾ, ഊർജം, ജലം, മാലിന്യസംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ ഗുണനിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുകയും നിലവിലുള്ളവയുടെ അടിസ്ഥാനസൗകര്യനിലവാരം ഉയർത്തുകയും ചെയ്യും. പൊതു - സ്വകാര്യ പങ്കാളിത്ത രീതികൾ വഴി പുതിയ വ്യവസായ മേഖല, വ്യവസായ പ്ലോട്ട് പ്രോത്സാഹിപ്പിക്കും.

- നല്ല റോഡുകൾ, വൈദ്യുതി, ജലം, മാലിന്യ സംസ്കരണം സംവിധാനങ്ങൾ തുടങ്ങിയ ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള വ്യവസായ പാർക്കുകളെ പ്രോത്സാഹിപ്പിക്കും. വ്യാവസായികമായി വികസിച്ചുകൊണ്ടിരിക്കുന്ന പ്രദേശങ്ങളെയും നിലവിലുള്ള വ്യവസായ പാർക്കുകളെയും നവീകരിക്കും.
- പൊതു - സ്വകാര്യ പങ്കാളിത്ത രീതിയിൽ പുതിയ വ്യവസായ മേഖല, വ്യവസായ പ്ലോട്ടുകൾ വികസിപ്പിക്കും.

- സൂക്ഷ്മ - ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതിൽ മുൻഗണനയുള്ള ബഹുനില വ്യവസായ എസ്റ്റേറ്റുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കും.
- സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ അവ വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം തുടങ്ങുന്ന സമയം മുതൽ മൂന്ന് വർഷത്തേക്ക് വൈദ്യുതി നിരക്ക് വർധനയിൽ നിന്നും ഒഴിവാക്കി സംരക്ഷിക്കും.
- പുതിയ സംരംഭങ്ങൾക്ക് മാർജിൻ മണി, വായ്പാ പദ്ധതി, മുതൽമുടക്ക് സബ്സിഡി തുടങ്ങിയ മൂലധന പിൻതുണ നൽകും.
- വായ്പാ തവണ അടയ്ക്കലിലും സെക്യൂരിറ്റി ഡെപ്പോസിറ്റ്, വില മുൻഗണന എന്നിവയിലും ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ അഞ്ച് വർഷത്തേക്ക് ഒഴിവാക്കും.
- സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വിലമുൻഗണന അനുവദിക്കും.
- നഷ്ടത്തിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് പുനരധിവാസ / പുനരുദ്ധാരണ പദ്ധതികൾ.
- സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് വേണമെങ്കിൽ അനായാസേന നിർത്തി പോകുവാനുള്ള പദ്ധതി ആവിഷ്കരിക്കും.
- സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ കരിമ്പട്ടിക പുനഃപരിശോധിക്കുകയും പുതുക്കുകയും ചെയ്യും.
- സംരംഭകരെ സഹായിക്കുന്നതിനും അപേക്ഷകൾ അതിവേഗം സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിനും വെബ് പോർട്ടൽ സംവിധാനം രൂപീകരിക്കും.
- സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ ഉത്പന്നങ്ങളുടെ പൊതുവായ ബ്രാൻഡിങ്ങ്, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കും.
- സൂക്ഷ്മ ചെറുകിട-ഇടത്തര വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവ പരിഹരിക്കുന്നതിനും സംസ്ഥാന ജില്ലാതലത്തിൽ വ്യവസായ അദാലത്തുകൾ നിരന്തരം സംഘടിപ്പിക്കും.
- വിദഗ്ദരായ തൊഴിലാളികളുടെ ഡാറ്റാ ബാങ്ക് സ്ഥാപിച്ച് വ്യവസായ യൂണിറ്റുകളിൽ വിദഗ്ധ തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തും.
- വനിതാ വ്യവസായങ്ങളെ ഊന്നൽ വ്യവസായ പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കും.
- വരും കാലഘട്ടത്തിലെ വ്യവസായിക മാറ്റങ്ങളെ അഭിമുഖീകരിക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരെ സജ്ജമാക്കുന്നതിനായി പരിശീലനപരിപാടികൾ നടപ്പിലാക്കും.
- സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ കാര്യക്ഷമതയും കാര്യപ്രാപ്തിയും കൂട്ടുന്നതിനും സംരംഭകർക്ക് നല്ല സേവനങ്ങൾ നൽകുന്നതിനും വേണ്ടി ഇ-ഗവേണൻസും, ഇ-കോമേഴ്സും ശക്തിപ്പെടുത്തുക.
- സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് വിദഗ്ദ്ധ സേവനം ശക്തിപ്പെടുത്തും.
- എല്ലാ ജില്ലകളിലും ബഹുനില വ്യവസായ എസ്റ്റേറ്റുകൾ പ്രോത്സാഹിപ്പിക്കുകയും, അതിൽ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യും.
- സംരംഭകരുടെ പരാതികൾ സ്വീകരിക്കുന്നതിനും സമയാധിഷ്ഠിത നടപടിക്കും സർക്കാർ ഒരു ഓൺലൈൻ സമ്പ്രദായം അവലംബിക്കും.

## 3. സേവനവും വാണിജ്യവും

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സേവന വാണിജ്യമേഖലകളാണ് ആധിപത്യം പുലർത്തുന്നത്. സേവന വാണിജ്യമേഖലകൾ സ്ഥിരമായ വളർച്ചാനിരക്കാണ് കാണിക്കുന്നതെങ്കിലും ഈ മേഖലയുടെ ഉയർന്ന സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഉത്പാദന മേഖലയെക്കാൾ മൊത്ത സംസ്ഥാന ആഭ്യന്തര വരുമാനത്തിൽ (GSDP) ഈ മേഖല വളരെ ഉയർന്നു നിൽക്കുന്നു എന്നതാണ് യാതാർഥ്യം. സാമ്പത്തിക വളർച്ചയുടെ പുതിയ മാതൃകയായി കേരളത്തെ വളർത്തിയെടുക്കാൻ സേവന വാണിജ്യമേഖലകൾക്ക് തുല്യമായ പ്രാമുഖ്യം സർക്കാർ നൽകും.

- ആരോഗ്യം, വിദ്യാഭ്യാസം, ഐ.ടി, ടൂറിസം, ആയുർവേദം, ലോജിസ്റ്റിക്സ്, ഗതാഗതം, വാർത്താവിനിമയം, ചില്ലറ വില്പന വിഭാഗങ്ങൾ, വിവരാധിഷ്ഠിത, മാലിന്യവിമുക്ത വ്യവസായങ്ങൾ തുടങ്ങിവയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സേവന മേഖലയുടെ വളർച്ചാലക്ഷ്യങ്ങൾ സർക്കാർ രൂപീകരിക്കും.
- ആവശ്യാനുസൃതവും, വ്യവസായാധിഷ്ഠിതവുമായ പാഠ്യപദ്ധതികൾ നടപ്പിൽ വരുത്താൻ സർക്കാർ ശ്രമിക്കുന്നതിലൂടെ കാര്യശേഷിയും തൊഴിൽ നൈപുണ്യവും വർധിപ്പിക്കാനാവും. ചില്ലറ വിപണന മാനേജ്മെന്റുകളുടെ ഇൻസ്റ്റിട്യൂട്ടുകൾ വാണിജ്യവ്യവസായ മേഖലകളിൽ തുടങ്ങുന്നതിനുള്ള നടപടികൾ എടുക്കും.
- മേഖല തിരിച്ചുള്ള പരിശീലന കേന്ദ്രങ്ങൾ മിഷൻ രീതിയിൽ സ്വകാര്യ പൊതു പങ്കാളിത്തം വഴി സർക്കാർ പ്രവർത്തികമാക്കും. നൂതനമായ സംരംഭക മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാ മേഖലകളിലും/പ്രദേശങ്ങളിലും സംരംഭക പ്രോത്സാഹന സംവിധാന കേന്ദ്രങ്ങൾ തുടങ്ങും.

## 4. പരമ്പരാഗത വ്യവസായങ്ങൾ

ഉത്പാദനവും തൊഴിലവസരങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനായി പരമ്പരാഗത തൊഴിൽമേഖല സാമ്പത്തികമായി ദൃഢമാണ് എന്നുള്ളത് ഉറപ്പു വരുത്തേണ്ടതുണ്ട്. പരമ്പരാഗത തൊഴിൽ മേഖലകളെ മാത്രം ആശ്രയിക്കുന്നത് ഒഴിവാക്കാനായി മറ്റു പല തൊഴിൽ സാദ്ധ്യതകളെയും അതോടൊപ്പം ആശ്രയിക്കേണ്ടതായിട്ടുണ്ട്. പരമ്പരാഗത തൊഴിൽമേഖലകളിൽ നിന്നും കൂടുതൽ ഉത്പാദനക്ഷമതയുള്ള മേഖലകളിലേക്ക് തൊഴിലാളികളെ ഉപയോഗിക്കാൻ കഴിഞ്ഞതു വഴി പല രാഷ്ട്രങ്ങൾക്കും അവരുടെ വരുമാനവും ജീവിത നിലവാരവും ഉയർത്താൻ സാധിച്ചിട്ടുണ്ട്.

ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനായി പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടി, കയർ, കൈത്തറി, കരകൗശലം, ഖാദി എന്നിവ അനിഷേധ്യമായ പങ്കാണ് വഹിച്ചിട്ടുള്ളത്. ഈ മേഖലകളുടെ വികസനത്തിനായി സാമൂഹിക പ്രതിബദ്ധത ഗവൺമെന്റിനെ നയിക്കും.

- പരിസ്ഥിതിക്ക് അനുയോജ്യമായതും, പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ചുള്ളതുമായ ഉയർന്ന തൊഴിൽ അവസരങ്ങൾക്ക് ഊന്നൽ കൊടുക്കും.
- തൊഴിലാളികൾക്ക് ആവശ്യമായ വേതനം / റിട്ടയർമെന്റ് ആനുകൂല്യങ്ങൾ മുതലായവ ഉറപ്പാക്കും.
- ഖാദി, കൈത്തറി ഉത്പാദനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കും.
- പരമ്പരാഗത ഉത്പന്നങ്ങൾക്കായുള്ള വിപുലമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കും.

**ഖാദിയും കൈത്തറിയും**

ഖാദിയും കൈത്തറിയും നമ്മുടെ പാരമ്പര്യത്തിന്റെയും, സംസ്കാരത്തിന്റെയും സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെയും പ്രതീകമാണ്. വർഷങ്ങളായി സഹായങ്ങൾ നല്കിയിട്ടുപോലും ഈ മേഖല കളുടെ ശേഷി കുറഞ്ഞു വരുന്നതായി കാണാം. വരുമാനം കുറയുന്നതിനാലും, ജോലിയുടെ പകിട്ട് പോരാ എന്നതിനാലും, യുവതലമുറ ഈ പരമ്പരാഗത തൊഴിലുകൾ സ്വീകരിക്കാൻ വൈമുഖ്യം കാണിക്കുന്നു. സർക്കാർ നല്കുന്ന ഭാരിച്ച സബ്സിഡികൾക്കും റിബേറ്റുകൾക്കും ശേഷം പോലും ഖാദിയുടെയും കൈത്തറിയുടെയും ഉത്പന്നങ്ങൾക്ക്, മില്ലിൽ ഉത്പാദിപ്പിക്കുന്ന സാധാരണക്കാരന്റെ പോളിസ്റ്റർ വസ്ത്രോല്പ്പന്നങ്ങളേക്കാൾ വില കൂടുതലാണ്.

ഖാദി, കൈത്തറി ഉത്പന്നങ്ങളുടെ ആഢ്യത്തം തിരിച്ചു കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ജൈവപരവും, ആരോഗ്യത്തിനു അനുയോജ്യമായതുമായ ഇത്തരം ഉത്പന്നങ്ങൾക്കു വേണ്ടി കൂടുതൽ പണം ചിലവഴിക്കേണ്ട ആവശ്യകതയെപ്പറ്റി ബോധവത്ക്കരണം നടത്തേണ്ടതും ആവ ശ്യമാണ്. ഖാദിയുടെയും കൈത്തറിയുടെയും പരമ്പരാഗത ഉത്പന്നങ്ങളെ സാഹിയിക്കുന്നതിനു വേണ്ടി സർക്കാർ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഇത് വ്യാപാരമേഖലയിലെ ഉന്നത ശ്രേണിയിലുള്ള ഉപഭോക്താക്കളെ ആയിരിക്കും ലക്ഷ്യമിടുന്നത്.

- കഴിവും, അറിവും, സാങ്കേതികജ്ഞാനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള സാർവത്രിക പ്രദർശന പരിപാടികൾ സംഘടിപ്പിക്കുന്നത് ഉത്പാദനങ്ങളുടെ ഗുണനിലവാരവും, ഉത്പാദ നക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിക്കും.
- ഉത്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നിലവിലുള്ള കൈത്തറികൾ ആധുനീകരിക്കും.
- നെയ്ത്തിനു മുൻപുള്ള ജോലികളിലെ യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കും.
- 'ഏകീകൃത കൈത്തറി ഗ്രാമ-നഗര വികസനം' എന്ന ആശയം, നെയ്ത്തുകാർ അധികമുള്ള കൈത്തറി വ്യാപാര മേഖലയിൽ പ്രോത്സാഹിപ്പിക്കും.
- ദേശീയ-അന്തർദേശീയ കമ്പോളങ്ങളിലെ ഉത്പന്നങ്ങളോട് കിടപിടിക്കത്തക്ക രീതിയിൽ, അന്താ രാഷ്ട്ര നിലവാരത്തിലുള്ള നൂതനവും മൂല്യവർദ്ധിതവുമായ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന തിനു നെയ്ത്തുക്കാരെ പ്രോത്സാഹിപ്പിക്കും.
- തങ്ങളുടെ കഴിവും, അറിവും, സാങ്കേതിക ജ്ഞാനവും വർദ്ധിപ്പിക്കുന്നതിനു താഴെത്തട്ടി ലുള്ള നെയ്ത്തുകാരെ ഉൾപ്പെടെ വിവിധ പ്രദർശന വിപണന പരിപാടികളിൽ പങ്കെടുപ്പി ക്കും.

**കരകൗശലം**

- കരകൗശല മേഖലയിൽ നൂതനവും, ആധുനികവുമായ മാതൃകകൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.
- വിദഗ്ദ്ധ വിപണന രീതികൾ ആവിഷ്കരിച്ച് സ്വകാര്യനിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കും.
- സംസ്ഥാനത്തെ പരമ്പരാഗത കരകൗശല മേഖലയെ സഹായിക്കുന്നതിനായി നൂതന വിപ ണന മാർഗ്ഗങ്ങൾ ആവിഷ്കരിക്കും.
- കൈത്തൊഴിലുകാരുടെയും, കരകൗശല തൊഴിലാളികളുടെയും തൊഴിൽ നൈപുണ്യം വർദ്ധി പ്പിക്കുന്നതിനായി പരിശീലന പരിപാടികൾ ഏർപ്പെടുത്തും.

**മുള**

- നൂതന കരകൗശല വസ്തുക്കളും തൊഴിൽ നൈപുണ്യവും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ പുതിയ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിക്കും.

- വ്യാവസായികരംഗത്ത് മുളയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഈ മേഖലയിൽ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കും.

**കശുവണ്ടി**

വിദേശനാണ്യ വിനിമയത്തിലും ചില പ്രത്യേക പ്രദേശങ്ങളിൽ വനിതകൾക്ക് തൊഴിൽ സാദ്ധ്യതകൾ ഉറപ്പു വരുത്തുന്നതിലും കശുവണ്ടി ഗണ്യമായ പങ്ക് വഹിക്കുന്നു. ഈ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കും.

**ബീഡി**

പുകവലി മൂലമുണ്ടാവുന്ന ആരോഗ്യപ്രശ്നങ്ങളുടെ ബോധവത്ക്കരണം കാരണം ബീഡിയുടെ ഉപഭോഗം കുറഞ്ഞുവരുന്നു. ബീഡി തൊഴിലാളികൾക്കു ഇതര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ വരുമാനം ഉണ്ടാക്കാനായി സർക്കാർ പ്രത്യേക സഹായം നല്കുന്നതാണ്.

## 5. പൊതുമേഖലാ സ്ഥാപനങ്ങൾ

ഇന്ത്യയിലെ മറ്റേതു സംസ്ഥാനങ്ങളെക്കാൾ ഏറ്റവും കൂടുതൽ പൊതുമേഖലാസ്ഥാപനങ്ങളുള്ളത് കേരളത്തിനാണ്. സംസ്ഥാനത്തെ മിക്കപൊതു മേഖലാസ്ഥാപനങ്ങളും സാമ്പത്തിക / സാമൂഹിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലും വ്യവസായങ്ങളുടെ നിമ്നോന്നതങ്ങളുടെ കേന്ദ്രം എന്ന നിലയിലും മുഖ്യമായ പങ്ക് വഹിക്കുന്നു. പൊതു-സ്വകാര്യ സന്തുലിതാവസ്ഥയും സാമൂഹിക ഉത്തരവാദിത്വം നിലനിറുത്തുന്നതിനും സർക്കാർ മുൻകൈ എടുക്കും. ഒരു പൊതുമേഖലാ സ്ഥാപനവും സ്വകാര്യവത്ക്കരിക്കപ്പെടില്ല.

- സംരംഭങ്ങൾക്കുതകുന്ന തരത്തിലുള്ള നവീകരണം, വൈവിധ്യ വൽക്കരണം വികസനപദ്ധതികൾ, പുനഃസംഘടന തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കും. മതിപ്പുള്ള കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങളുടെ പങ്കാളിത്തം തുടരും.
- വ്യാവസായിക ആവശ്യങ്ങൾക്കു വേണ്ടി സർക്കാർ ഏജൻസികൾ വഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികം ഉള്ളതോ ഉപയോഗിച്ചിട്ടില്ലാത്തതോ ആയ ഭൂമിയും മറ്റു വസ്തുക്കളും പ്രയോജനപ്രദമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിക്കും.
- ഉത്പാദനവും ലാഭവുമായി ബന്ധപ്പെട്ട ആനുകൂല്യ പദ്ധതികൾ നടപ്പിലാക്കും.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ നിത്യേനയുള്ള ഭരണസംവിധാനത്തിൽ ഇടപെടാത്ത വിധത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഫലപ്രദമായ രീതിയിൽ നിരീക്ഷിക്കുന്നതു വഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പിലുള്ള സുതാര്യത വർദ്ധിപ്പിക്കുന്നു.
- സുതാര്യവും, തൊഴിൽ മൂല്യവും, ന്യായവുമായ രീതിയിൽ സംസ്ഥാന പൊതു മേഖലകളിലേക്ക് CEO-കളെയും ഡയറക്ടർമാരെയും തെരഞ്ഞെടുക്കുന്നതിനു വേണ്ടി Kerala Public Enterprise Selection Board രൂപീകരിക്കും.
- പൊതുമേഖലാ സ്ഥാപനങ്ങളെ ഫലപ്രദമായി നിരീക്ഷിക്കുന്നതുവഴി ശരിയായ പ്രവർത്തനം, നിരീക്ഷണം, മൂല്യനിർണയം, പ്രവൃത്തികളുടെ അവലോകനം എന്നിവ ഉറപ്പുവരുത്താൻ RIABന്റെ പങ്ക് ശക്തിപ്പെടുത്തും.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡ്/മാനേജ്മെന്റ് തൊഴിലധിഷ്ഠിതമാക്കും.
- തൊഴിലാളി സംഘടനകളും ഗുണഭോക്താക്കളുമായുള്ള ബന്ധം ഉറപ്പാക്കും.
- ഭാരതസർക്കാർ ആവിഷ്കരിച്ച തരത്തിലുള്ള സാമൂഹിക ഉത്തരവാദിത്വ പദ്ധതികൾ സ്വീകരിക്കും.

- ❖ പ്രൊഫഷനലുകളെ ആകർഷിക്കുന്നതിനായി മെച്ചപ്പെട്ട ശമ്പള ഘടന ഉറപ്പാക്കും.
- ❖ ദേശീയതലത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കും.

## 6. ഉദിച്ചു വരുന്ന വ്യവസായങ്ങൾ

കേരളം ഭക്ഷ്യസംസ്കരണം, വനാധിഷ്ഠിത വ്യവസായം, ബയോടെക്നോളജി, നാനോ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ മുതലായ നൂതനവും ഉയർന്നുവരുന്നതുമായ വ്യവസായ മേഖലകളിൽ പ്രവേശിക്കുന്നതിലൂടെ കൂടുതൽ തൊഴിൽ സാധ്യതകളും, ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനെയും ഉത്തേജിപ്പിക്കുന്നു. ഈ മേഖലകളിലുള്ള തൊഴിലുകൾ വർധിപ്പിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും സാമ്പത്തിക വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി സർക്കാർ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കും.

**ഭക്ഷ്യസംസ്കരണം**

ഏലം, കുരുമുളക്, കാപ്പി, തേയില, നാളികേരം, സമുദ്രോത്പ്പന്നങ്ങൾ, ശുദ്ധജല മത്സ്യവിഭവങ്ങൾ, ക്ഷീരം മുതലായവ കേരളം ഉത്പാദിപ്പിക്കുന്നു. ഈ ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവും സർക്കാർ പ്രോത്സാഹിപ്പിക്കുന്നതാണ്.

- ❖ ഭക്ഷ്യഉത്പന്നങ്ങളുടെ സംഭരണത്തിനുവേണ്ടി പ്രത്യേക സംഭരണ സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം ജൈവ ഭക്ഷ്യ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനുവേണ്ടി അന്താരാഷ്ട്ര നിലവാരത്തിലുള്ള സാങ്കേതികവിദ്യകൾ, വിപണന സഹായം എന്നിവ ആവിഷ്കരിക്കും.
- ❖ ഭക്ഷ്യസംസ്കരണ മേഖലയിൽ ക്ലസ്റ്റർ വികസന പദ്ധതി പ്രോത്സാഹിപ്പിക്കും.

**വനാധിഷ്ടിത വ്യവസായങ്ങൾ**

പരിസ്ഥിതി സൗഹാർദപരമായ വ്യവസായ വികസനമാണ് ആഗോളതലത്തിലെ പുതിയ പ്രവണത. വനത്തിലെ തടി ഉപയോഗിച്ചുള്ള സംരംഭങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതല്ല. പുനരുപയോഗം ചെയ്യാൻ പറ്റുന്ന തടി/തോട്ടത്തിലെ തടി (മുള, സോഫ്റ്റ് വുഡ്, പ്ലൈവുഡ് മുതലായവ) വ്യവസായങ്ങൾ മറ്റൊരു സാധ്യതയായി കാണുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

**നൂതന സാങ്കേതികാധിഷ്ഠിത വ്യവസായങ്ങൾ**

ആരോഗ്യം, വ്യവസായം, പരിസ്ഥിതി, കൃഷി, ഊർജം, നിർമാണം മുതലായ രംഗങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ നൂതന സാങ്കേതിക വ്യവസായം വഴിയൊരുക്കും. ഇന്ത്യയിൽ ഈ മേഖലയിൽ വികസനത്തിനു തടസ്സം നിൽക്കുന്നത് നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പുതിയ കണ്ടുപിടുത്തങ്ങളുടെ വാണിജ്യവത്കരണം ഇല്ലായ്മയാണ്. ഹൈടെക് മേഖലയിൽ ബയോടെക്നോളജിക്കും നാനോ ടെക്നോളജിക്കും അനന്ത സാധ്യതകളാണുള്ളത്. പ്രത്യേകം പാർക്കുകളും സംരംഭക പ്രോത്സാഹന സംവിധാനവും പുതിയ ഉത്പന്നങ്ങളുടെ വികസനവും വാണിജ്യവൽക്കരണവും സർക്കാർ പ്രോത്സാഹിപ്പിക്കും.

## 7. ഖനനവും ഭൂഗർഭശാസ്ത്രവും

ഖനനം പൊതുവെ ഒരു നശീകരണ പ്രവൃത്തിയായാണ് കണക്കാക്കുന്നത്. അതുകൊണ്ട് ഖനന വിഭവങ്ങളുടെ സംരക്ഷണത്തിനും തെരഞ്ഞെടുത്ത ഖനന വിഭവങ്ങളുടെ ഉപഭോഗത്തിനും വേണ്ട നടപടികൾ അവലംബിക്കും. തൊഴിലാളികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും കൂടുതൽ പ്രാധാന്യം കൊടുക്കും.

മൂല്യവർധനവിലൂടെ സംസ്ഥാനത്തുള്ള വിരളമായ ധാതുനിക്ഷേപങ്ങളെ ശരിയായി പ്രയോജനപ്പെടുത്തുന്നതിന് മുൻഗണന കൊടുക്കും. സംസ്ഥാനത്ത് ഖനന മേഖലയിലെ ഗവേഷണത്തിനും വികസനത്തിനുമായി പ്രകൃതിദത്ത ധാതു ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും.

ദുർലഭമായ ധാതുക്കളുടെ ഖനനം മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾ വഴി മാത്രമായിരിക്കും അനുവദിക്കുക.

## 8. വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ

കേരളം അതിവേഗം നഗരവത്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇത് മികച്ച സാമ്പത്തിക വളർച്ചയിലേക്ക് നയിക്കും. വ്യാവസായിക വളർച്ചയിലേക്കുള്ള കാൽവെയ്പ്പ് എന്നുള്ള നിലയിൽ സംസ്ഥാനം അന്താരാഷ്ട്ര നിലവാരവുമായി കിടപിടിക്കുന്ന വ്യാവസായിക അടിസ്ഥാന സൗകര്യവികസനത്തിനും മുൻതൂക്കം നൽകും. സംസ്ഥാനത്തിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരു പ്രധാനപ്പെട്ട ഘടകമാണ്.

- സംസ്ഥാനത്ത് ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ നേരിട്ടുള്ള വിദേശനിക്ഷേപമടക്കമുള്ള സ്വകാര്യ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കും.
- ഊർജ്ജം, ജലം, റോഡുകൾ, മാലിന്യ സംസ്കരണ ശാല തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വളരെ എളുപ്പം ലഭ്യമാകുന്ന വ്യവസായ പാർക്കുകളിൽ വ്യവസായ യൂണിറ്റുകൾ കൊണ്ടുവരാൻ സർക്കാർ പ്രോത്സാഹനം നൽകും.
- ആവശ്യമുള്ള വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ KSIDC / KINFRA സ്വകാര്യ പങ്കാളികൾ എന്നിവരുമായുള്ള SPVകളും സംയുക്ത സംരംഭങ്ങളും സർക്കാർ പ്രോത്സാഹിപ്പിക്കും.
- വ്യവസായ പാർക്കുകളിലും വളർച്ചാ സെന്ററുകളിലും ആവശ്യാനുസരണം ജലം, ഊർജ്ജം, ഇതര ആവശ്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി അനുയോജ്യമായ സാങ്കേതിക സമ്പ്രദായം ആവിഷ്കരിക്കും.
- പൊതുജനങ്ങളിൽ നിന്ന് പ്രത്യേകിച്ചും വിദേശ മലയാളികളിൽ നിന്നും നിക്ഷേപങ്ങൾ ആകർഷിക്കുകയും അവ വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളുടെ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതു വഴി ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ് (ഇൻകെൽ) നുള്ള പങ്ക് വ്യാപിപ്പിക്കും.
- പ്രത്യേക സാമ്പത്തിക മേഖലകളെ സർക്കാർ പ്രോത്സാഹിപ്പിക്കും. കേന്ദ്ര ഗവൺമെന്റിന്റെ നിലവിലുള്ള നയവുമായി ഒത്തുപോകുന്ന രീതിയിൽ ഒരു പുതിയ പ്രത്യേക സാമ്പത്തിക മേഖല നയം രൂപീകരിക്കും.

## 9. നിക്ഷേപ പ്രോത്സാഹനം

ശ്രീലങ്ക, തെക്ക് കിഴക്കൻ ഏഷ്യ, മധ്യ കിഴക്ക്, ഇന്ത്യയുടെ ഇതര ഭാഗങ്ങൾ എന്നിവ കേരളത്തിന്റെ തെക്കും, കിഴക്കും, പടിഞ്ഞാറും, വടക്കുമായി വ്യാപിച്ചു കിടക്കുന്നു. കേരള സാമ്പത്തിക വ്യവസ്ഥയെ ഈ നാലു പ്രധാന മേഖലകളുമായി വ്യാവസായിക ബന്ധം സ്ഥാപിക്കുന്നതിനായി അവരുടെ സമ്പദ് വ്യവസ്ഥയുമായി യോജിക്കുന്ന രീതിയിലുള്ള നയരൂപീകരണം നടത്തണം. സംസ്ഥാനത്തിലേക്ക് നിക്ഷേപങ്ങൾ, ടൂറിസ്റ്റുകൾ, പ്രൊഫഷണലുകൾ, രോഗികൾ, വിദ്യാർത്ഥികൾ എന്നിവരെ ആകർഷിക്കുന്നതിലേക്കായി രാജ്യത്തിന്റെ ഇതര ഭാഗങ്ങളുമായി സംസ്ഥാനം ബന്ധം പുലർത്തും. ഇത് സംസ്ഥാനത്തെ യാത്ര, കച്ചവടം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദം തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള ഏറ്റവും അനുയോജ്യമായ സ്ഥലമാക്കി മാറ്റും. അനിവാര്യമായ വളർച്ചാനുബന്ധിയായ നയങ്ങൾ, ഭരണ നിർവഹണ മാതൃകകൾ, വ്യവസ്ഥിതികൾ തുടങ്ങിയവ സ്വീകരിക്കും.

- ❖ വേതന വ്യവസ്ഥിതിയിൽ അധിഷ്ഠിതമായ പാരമ്പര്യമാണ് കേരള സമൂഹത്തിന്റേത്. അതിനുപകരമായി സംരംഭാധിഷ്ഠിത സമൂഹത്തെ വാർത്തെടുക്കുക എന്നതാണ് സർക്കാരിന്റെ മുന്നിലുള്ള വെല്ലുവിളി. ജനങ്ങൾക്കിടയിൽ ഒരു സംരംഭക സംസ്ക്കാരം വളർത്തുവാൻ സർക്കാർ മിഷൻ മാതൃകയിൽ പ്രോത്സാഹിപ്പിക്കും.
- ❖ വൻകിട സംരംഭങ്ങളിലേക്കുള്ള നിക്ഷേപം നടപ്പിലാക്കുവാൻ രാഷ്ട്രീയ പാർട്ടികളുടെയും, സാമൂഹിക നേതാക്കന്മാരുടെയും യോജിപ്പ് ഉണ്ടാക്കുവാൻ വേണ്ടി ഉന്നത അധികാര സമിതി രൂപീകരിക്കും.
- ❖ ഏക ജാലക സംവിധാനം എല്ലാ സംരംഭകരേയും ഉൾപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തും. സമയാധിഷ്ഠിതമായി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഓൺലൈൻ സംവിധാനം ഏർപ്പെടുത്തും.
- ❖ പരിസ്ഥിതി സൗഹാർദ്ദപരമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വികസനാധിഷ്ഠിത മേഖലകളിൽ സർക്കാർ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കും.
- ❖ വ്യവസായ വികസനവും സാമ്പത്തിക വളർച്ചയും സംരംഭകത്വവും കൊണ്ട് ഉണ്ടാകുന്ന സാമൂഹിക ഉന്നതിയെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വൻതോതിലുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.

## ഉപസംഹാരം

ചുരുക്കത്തിൽ, വാണിജ്യ വ്യവസായ നയം 2011 പരിസ്ഥിതി സൗഹാർദ്ദപരവും നിക്ഷേപ സൗഹാർദ്ദപരവുമായ സംരംഭങ്ങൾ തുടങ്ങുന്നതുവഴി വരുമാന വർദ്ധന, തൊഴിലവസരങ്ങൾ സാമ്പത്തിക വളർച്ച തുടങ്ങിയവ വികസനവും പ്രോത്സാഹനവും ലക്ഷ്യമിട്ടിട്ടുള്ളതാണ്. മൊത്ത ആഭ്യന്തര വരുമാനത്തിൽ വളർച്ചാ നിരക്ക് കൂട്ടാനായി ഈ നയം വാണിജ്യത്തിനും സേവനത്തിനും തുല്യപ്രാധാനം നൽകുന്നു. പരമ്പരാഗത മേഖലയിലെ വികസനത്തിന് അർഹമായ പ്രാധാന്യം കൊടുക്കുന്നതു വഴി പക്ഷപാത രഹിതമായ സാമൂഹിക വികസനം സാദ്ധ്യമാകുന്നു. സംസ്ഥാനത്തിന് പ്രത്യേക നയങ്ങൾ ഇല്ലാത്ത മേഖലകളിൽ ഭാരത സർക്കാരിന്റെ അനുയോജ്യമായ നയങ്ങൾ പിൻതുടരും.

* * * * * *